ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 25.07.2024** **TIME : 07.25 PM**

### പ്രധാന വാർത്തകൾ

1. 25-ാമത് കാർഗിൽ വിജയ് ദിവസിനോട് അനുബന്ധിച്ച്, പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ലഡാക്കിലെ ദ്രാസിൽ കാർഗിൽ യുദ്ധ സ്മാരകം സന്ദർശിക്കും

   Commemorating 25th Kargil Vijay Diwas, Prime Minister Narendra Modi, will visit the Kargil War Memorial in Dras, Ladakh, tomorrow.

2. പാരീസ് ഒളിമ്പിക്സിൽ ഇന്ത്യക്ക് മികച്ച തുടക്കം; അമ്പെയ്ത്തിൽ വനിതാ ടീം ക്വാർട്ടർ ഫൈനലിൽ കടന്നു. ഒളിമ്പിക്സിന് നാളെ ഔദ്യോഗിക തുടക്കം

   Good start for India in the Paris Olympics; in archery, the women's team entered in the quarterfinals. The official start of the Olympics tomorrow

3. കേന്ദ്ര ബജറ്റ് സംബന്ധിച്ച ചർച്ചകൾ പാർലമെന്റിൽ നടന്നു; ഭരണ പ്രതിപക്ഷ വാഗ്വാദത്തിൽ രണ്ടു തവണ ലോക്സഭ നിർത്തി വെച്ചു

Debates on Union Budget held in Parliament; The Lok Sabha was adjourned twice due to arguments by the ruling side and opposition.

4. കേരളത്തിലും ലക്ഷദ്വീപിലും വരും ദിവസങ്ങളിൽ വ്യാപക മഴക്കു സാധ്യത; ഇന്നും നാളെയും മത്സ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്

Chances of widespread rain in Kerala and Lakshadweep in the coming days: The Central Meteorological Department has advised fishermen not to go to sea today and tomorrow.

5. ഏഷ്യാ കപ്പ് വനിത ട്വന്റി- 20 ക്രിക്കറ്റിന്റെ സെമിഫൈനൽ മത്സരങ്ങൾ നാളെ ആരംഭിക്കും. ആദ്യ സെമിയിൽ ഇന്ത്യ ബംഗ്ലാദേശിനെ നേരിടും.

The semi-finals of the Asia Cup Women's Twenty20 cricket will begin tomorrow. India will face Bangladesh in the first semi-final

&&&&&&&&&&&&&&&&&&

## PM - KARGIL

25-ാമത് കാർഗിൽ വിജയ് ദിവസിനോട് അനുബന്ധിച്ച്, പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ലഡാക്കിലെ ദ്രാസിലുള്ള കാർഗിൽ യുദ്ധ സ്മാരകം സന്ദർശിക്കും. രാജ്യത്തിന് വേണ്ടി ജീവൻ ത്യജിച്ച ധീര സൈനികർക്ക് അദ്ദേഹം ശ്രദ്ധാഞ്ജലി അർപ്പിക്കും. ഷിൻകുൻ ലാ ടണൽ പദ്ധതിയുടെ

നിർമാണത്തിനും പ്രധാനമന്ത്രി തുടക്കം കുറിക്കും. 4.1 കിലോമീറ്റർ ആണ് തുരങ്കപാതയുടെ നീളം. നിമു - പദും - ദാർച്ച വഴി, ലേ-യിലേക്ക് എല്ലാ കാലാവസ്ഥയിലും ഗതാഗതം സാധ്യമാക്കുകയാണ് ലക്ഷ്യം. ഏകദേശം 15,800 അടി ഉയരത്തിലാണ് തുരങ്കപാത നിർമിക്കുക. നിർമ്മാണം പൂർത്തിയാകുമ്പോൾ ലോകത്തിലെ ഏറ്റവും ഉയരം കൂടിയ തുരങ്കമായി ഷിൻകുൻ ലാ ടണൽ മാറും. സായുധ സേനയുടെയും പ്രതിരോധ സാമഗ്രികളുടെയും കാര്യക്ഷമമായ കൈമാറ്റത്തിനും ലഡാക്കിന്റെ സാമ്പത്തികവും സാമൂഹികവുമായ വികസനത്തിനും തുരങ്കപാത വഴിയൊരുക്കും.

&&&&&&&&&&&&&&&&&&

## PARLIAMENT

കേന്ദ്ര ബജറ്റ് സംബന്ധിച്ച ചർച്ചകൾ പാർലമെൻറിൻറെ ഇരു സഭകളിലും നടന്നു. ബഡ്ജറ്റ് നിരാശാജനകമാണെന്ന് പ്രതിപക്ഷ അംഗങ്ങൾ സഭയിൽ വിമർശനമുന്നയിച്ചു. തൊഴിലുറപ്പ് പദ്ധതിയുടെ വേതനം വർദ്ധിപ്പിക്കാത്തതിനെ വിമർശിച്ച കോൺഗ്രസ് അംഗം ചരൺജിത് സിങ് ചന്നി പഞ്ചാബിനെ ബജറ്റിൽ തീർത്തും അവഗണിച്ചതായും ലോക്സഭയിൽ പറഞ്ഞു. എന്നാൽ ബജറ്റ് ചരിത്രപരമാണെന്നും രാജ്യത്തെ മുന്നോട്ട് നയിക്കാൻ പര്യാപ്തമാണിതെന്നും ബിജെപി എംപി ബൈജയന്ത് പാണ്ഡ പറഞ്ഞു. ബജറ്റിലെ പല പ്രഖ്യാപനങ്ങളും കോൺഗ്രസിൻറെ പ്രകടന പത്രികയിൽ നിന്ന്

പകർത്തിയതാണെന്ന് തൃണമൂൽ എംപി സൗഗത് റോയ് ആരോപിച്ചു. കാർഷിക വായ്പകൾ എഴുതിതള്ളാത്തതിനെ വിമർശിച്ച കോൺഗ്രസ് എംപി രൺദീപ് സിങ്ങ് സുർജേവാല ഭക്ഷ്യധാന്യങ്ങൾക്ക് മതിയായ താങ്ങുവില കേന്ദ്രം നൽകുന്നില്ലെന്നും പറഞ്ഞു.

&&&&&&&&&&&&&&&&&&

## LS- ADJOURNMENT

ഇന്ന് രണ്ട് തവണയാണ് ലോക്സഭ സമ്മേളനം നിർത്തിവയ്ച്ചത്. പഞ്ചാബ് മുൻ മുഖ്യമന്ത്രി ബിയാന്ത് സിങ്ങിൻറെ കൊലപാതകം കോൺഗ്രസ് അംഗം ചരൺജിത് സിങ് ചന്നി സഭയിൽ ഉയന്നയിച്ചതിനെ തുടർന്നാണ് കേന്ദ്ര സഹമന്ത്രി രവ്നീത് സിങ് ബിട്ടുവുമായുള്ള വാഗ്വാദം ആരംഭിച്ചത് . ചന്നിക്കെതിരായ കേന്ദ്രസഹമന്ത്രിയുടെ ആരോപണങ്ങൾ നിയമവിരുദ്ധമാണെന്നും ഇതിനെതിരെ നടപടി വേണമെന്നും കോൺഗ്രസ് അംഗം കെ സി വേണുഗോപാൽ ആവശ്യപ്പെട്ടു. അംഗങ്ങൾ സഭയുടെ അന്തസ് കാത്തുസൂക്ഷിക്കണമെന്ന് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ് അഭിപ്രായപ്പെട്ടു. ലോക്സഭാ സ്പീക്കർ ഓം ബിർളയും ഇതേ അഭിപ്രായം ഉന്നയിച്ചു. ബഹളം തുടർന്നതോടെ സഭ രണ്ടു മണിവരെ നിർത്തിവച്ചു. തുടർന്ന് സഭ സമ്മേളിച്ചപ്പോൾ കർഷകർക്കുള്ള കുറഞ്ഞ താങ്ങുവില വിഷയത്തിൽ സഭ വീണ്ടും പ്രക്ഷുബ്ധമായി. തുടർന്ന് സഭ മൂന്നു മണിവരെ നിർത്തിവയ്ക്കുകയായിരുന്നു.

&&&&&&&&&&&&&&&&&&&

## LS-GADKARI NH

അഞ്ച് എക്സ്പ്രസ് വേകൾ, 22 അക്സസ് കൺട്രോൾഡ് ഹൈവേകൾ എന്നിവ ഉൾപ്പെടെ 9,860 കിലോമീറ്റർ ഹരിത ഇടനാഴികളായി മാറ്റാൻ ദേശീയ ഹൈവേ അതോറിട്ടി ഓഫ് ഇന്ത്യ തീരുമാനിച്ചതായി കേന്ദ്ര ഗതാഗത മന്ത്രി നിതിൻ ഗഡ്കരി. ലോക്സഭയിൽ രേഖാമൂലം നൽകിയ മറുപടിയിലാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്. എക്സ്പ്രസ് വേയ്ക്കും അക്സസ് കൺട്രോൾഡ് ഹൈവേകൾക്കുമായി നാല് ലക്ഷത്തി 19,130 കോടി രൂപയാണ് ചിലവ് പ്രതീക്ഷിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&&

## LS-GOPI CNG

രാജ്യത്ത് സിഎൻജി വാഹനങ്ങളുടെ വില്പനയിൽ ഗണ്യമായ വർധനയുണ്ടായതായി കേന്ദ്ര പെട്രോളിയം പ്രകൃതി വാതക സഹമന്ത്രി സുരേഷ് ഗോപി. ഈ മാസം 22 വരെ 72 ലക്ഷത്തി 10,000 വാഹനങ്ങൾ സിഎൻജി രജിസ്ട്രേഷൻ നടത്തിയതായും ലോക്സഭയിൽ രേഖാമൂലം നൽകിയ മറുപടിയിൽ അദ്ദേഹം പറഞ്ഞു. സിറ്റി ഗ്യാസ് വിതരണ ശൃംഖല പദ്ധതിയുടെ ഭാഗമായി സിഎൻജി സ്റ്റേഷനുകൾ നിർമ്മിക്കുമെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&&

## OLYMPICS ARCHERY-INTRO

പാരീസ് ഒളിമ്പിക്സിൽ ഇന്ത്യക്ക് മികച്ച തുടക്കം; അമ്പെയ്ത്തിൽ വനിതാ ടീം ക്വാർട്ടർ ഫൈനലിൽ കടന്നു. പുരുഷ ടീമിൻറെ മത്സരം പുരോഗമിക്കുന്നു. വിശദാംശങ്ങളിലേക്ക്........

(വോയിസ്)

&&&&&&&&&&&&&&&&&&&

## OLYMPICS ARCHERY-VOICE

പാരീസ് ഒളിമ്പിക്സിന് ഔദ്യോഗികമായി തിരി തെളിയാൻ ഒരു ദിനം കൂടി ബാക്കി നിൽക്കെ ഇന്ത്യയുടെ പോരാട്ടങ്ങൾക്ക് തുടക്കമായി. പ്രതീക്ഷാ നിർഭരമായ തുടക്കമിട്ടാണ് അമ്പെയ്ത്ത് മത്സരത്തിൽ ഇന്ത്യയുടെ വനിതാ ടീം ക്വാർട്ടർ ഫൈനലിൽ കടന്നത്. റാങ്കിംഗ് റൗണ്ടിൽ 1983 പോയിന്റ് നേടി നാലാം സ്ഥാനത്ത് ഫിനിഷ് ചെയ്താണ് ഇന്ത്യൻ സംഘം നേരിട്ട് ക്വാർട്ടർ ഫൈനൽ ബെർത്ത് ഉറപ്പിച്ചത്. വ്യക്തിഗത ഇനത്തിൽ ഇന്ത്യൻ താരങ്ങളായ അങ്കിത ഭഗത് 11-ാമതായും ഭജൻ കൗർ 22-ാമതായും ദീപിക കുമാരി 23-ാമതുമായാണ് ഫിനിഷ് ചെയ്തത്. കൊറിയ, ചൈന, മെക്സിക്കൻ ടീമുകളും ഇന്ത്യക്കൊപ്പം ക്വാർട്ടറിലെത്തി. അവസാന 16-ാം ഘട്ടത്തിൽ ആതിഥേയരായ ഫ്രാൻസും നെതർലൻഡ്സും തമ്മിലുള്ള മത്സര വിജയിയേയാണ് വനിതകളുടെ ക്വാർട്ടർ ഫൈനലിൽ

ഇന്ത്യ നേരിടുക. ഇന്ത്യൻ സമയം നാളെ രാത്രി 11 മണിക്ക് നടക്കുന്ന ഉദ്ഘാടന ചടങ്ങുകളോടെ പാരീസ് ഒളിമ്പിക്സിന് ഔദ്യോഗിക തുടക്കമാകും.

ന്യൂസ് ഡസ്ക് ആകാശവാണി......

&&&&&&&&&&&&&&&&&&

## PV SINDHU -INTRO

ലോകം കാത്തിരിക്കുന്ന ഒളിമ്പിക്സ് കായിക മാമാങ്കത്തിന് നാളെ തിരിതെളിയും. ഇന്ത്യൻ സമയം നാളെ രാത്രി 11 മണിക്ക് നടക്കുന്ന ഉദ്ഘാടന ചടങ്ങുകളോടെ 2024 പാരീസ് ഒളിമ്പിക്സിന് ഔദ്യോഗിക തുടക്കമാകും. ഉദ്ഘാടന ചടങ്ങിൽ നടക്കുന്ന മാർച്ച് പാസ്റ്റിൽ 140 കോടി ജനങ്ങളുടെ പ്രതീക്ഷ പേറി ഇന്ത്യൻ താരങ്ങളായ പി വി സിന്ധുവും ശരത് കമലും രാജ്യത്തിന്റെ പതാകയേന്തും. രാജ്യത്തെ പ്രതിനിധീകരിച്ച് പതാകയേന്തുന്നത് അഭിമാനകരമായ നിമിഷമെന്ന് പി വി സിന്ധു പറഞ്ഞു.

(ഹോൾഡ് വോയിസ്)

&&&&&&&&&&&&&&&&&&

## OLYMPICS-AIR NEWS

ഒളിംപിക്സിനോടനുബന്ധിച്ചുള്ള പ്രത്യേക പ്രക്ഷേപണം ഉള്ളതിനാൽ രാവിലെ 7.25 നുള്ള ആകാശവാണി വാർത്തകൾ നാളെ മുതൽ ആഗസ്റ്റ് 11 വരെ രാവിലെ 7.20 നായിരിക്കും പ്രക്ഷേപണം ചെയ്യുക.

&&&&&&&&&&&&&&&&&&

## JAISHANKAR-LAOS VISIT

ആസിയാൻ പ്രവർത്തന യോഗത്തിൽ പങ്കെടുക്കാൻ വിദേശകാര്യ മന്ത്രി എസ് ജയ് ശങ്കർ വിയറ്റ്നാമിലെ ലാവോസിൽ എത്തി. ആക്ട് ഈസ്റ്റ് നയത്തിന്റെ ഒരു ദശകം പൂർത്തിയാകുന്ന വേളയിൽ ഇന്ത്യയും ആസിയാനുമായുള്ള ബന്ധം ശക്തിപ്പെടുത്താൻ ഈ സന്ദർശനം സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നതായി അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു.മൂന്ന് ദിവസത്തെ സന്ദർശനത്തിനിടയിൽ ആസിയാൻ രാജ്യങ്ങളിലെ വിദേശകാര്യ മന്ത്രിമാരുമായി ശ്രീ ജയ്ശങ്കർ ഉഭയകക്ഷി ചർച്ച നടത്തും.

&&&&&&&&&&&&&&&&&&

## RAIN-KERALA

തെക്കൻ ഗുജറാത്ത് തീരത്തിനും വടക്കൻ കേരള തീരത്തിനും മധ്യേ ന്യൂനമർദ്ദ പാത്തി സ്ഥിതിചെയ്യുന്നതിനാൽ കേരളത്തിലും ലക്ഷ്യദ്വീപിലും വരുന്ന 5 ദിവസം വ്യാപകമായി ഇടിമിന്നലോട് കൂടിയ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ മുന്നറിയിപ്പ് . ഒറ്റപ്പെട്ട സ്ഥലങ്ങളിൽ തിങ്കളാഴ്ച വരെ ശക്തമായ മഴയ്ക്കും സാധ്യതയുണ്ട്. ഇന്നും നാളെയും സംസ്ഥാനത്ത് തീരപ്രദേശങ്ങളിൽ ഉയർന്ന തിരമാലയ്ക്കും കള്ളക്കടൽ പ്രതിഭാസത്തിനും സാധ്യതയുണ്ടെന്നും കേരള, ലക്ഷദ്വീപ്

തീരങ്ങളിൽ ഇന്നും നാളെയും മത്സ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്നും കാലാവസ്ഥാ കേന്ദ്രം മുന്നറിയിപ്പ് നൽകി.

&&&&&&&&&&&&&&&&&&

## IMD-WEATHER

അടുത്ത രണ്ട് ദിവസം കൊങ്കൺ, ഗോവ, മധ്യ മഹാരാഷ്ട്ര എന്നിവിടങ്ങളിലും അതിശക്തമായ മഴക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പിൻറെ മുന്നറിയിപ്പ്. അതേസമയം ഗുജറാത്തിലെ വിവിധ ഇടങ്ങളിൽ കനത്ത മഴയെ തുടർന്ന് ഏഴ് ജില്ലകളിൽ നിന്നായി നാലായിരത്തിലധികം ജനങ്ങളെ മാറ്റി പാർപ്പിച്ചു. വെള്ളപൊക്കത്തിൽ അകപ്പെട്ട 535 ഓളം ആളുകളെ ദേശിയ ദുരന്ത പ്രതികരണ സേന രക്ഷപ്പെടുത്തി.

&&&&&&&&&&&&&&&&&&

## WOMENS CRICKET

ഏഷ്യാ കപ്പ് വനിത ട്വന്റി- 20 ക്രിക്കറ്റിന്റെ സെമിഫൈനൽ മത്സരങ്ങൾ നാളെ നടക്കും. ആദ്യ സെമിയിൽ ഇന്ത്യ ബംഗ്ലാദേശിനെ നേരിടും. ഉച്ചക്ക് രണ്ടു മണിക്കാണ് മത്സരം. രണ്ടാം സെമിയിൽ, രാത്രി ഏഴു മണിക്ക് ശ്രീലങ്കയും പാകിസ്ഥാനും ഏറ്റുമുട്ടും.

&&&&&&&&&&&&&&&&&&

## ARJUN

കർണാടകയിലെ ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ കോഴിക്കോട് സ്വദേശി അർജ്ജുനായുള്ള തിരച്ചിൽ 10-ാം ദിനവും തുടരുകയാണ്. ഡ്രോൺ ഉപയോഗിച്ച് നടത്തിയ പരിശോധനയിൽ ലോഹസാന്നിധ്യം കണ്ടെത്തിയ മൂന്നിടങ്ങളിൽ ഒരിടത്ത് അർജുന്റെ ലോറി ഉണ്ടെന്നാണ് നിഗമനമെന്ന് ദൗത്യ സംഘം അറിയിച്ചു. ട്രെക്കിൽ ആളുണ്ടോ എന്നറിയാൻ രാത്രി വീണ്ടും ഡ്രോൺ പരിശോധന നടത്തുകയാണ്.

&&&&&&&&&&&&&&&&&&

## NIPAH-ICMR LABORATORY

കേരളത്തിൽ 14 വയസുകാരൻ നിപ്പ വൈറസ് ബാധിച്ച് മരിച്ച സാഹചര്യത്തിൽ പൂനയിൽ നിന്നുള്ള ഐ സി എം ആറിന്റെ മൊബൈൽ ബി എസ് എൽ -3 ലബോറട്ടറി ഇന്ന് മഞ്ചേരി മെഡിക്കൽ കോളേജിൽ എത്തിച്ചു. ഐ സി എം ആറിന്റെ വിദഗ്ധ സംഘവും മഞ്ചേരിയിലെത്തിയിട്ടുണ്ട്. കുട്ടിക്ക് നിപ്പ വൈറസ് ബാധയുണ്ടായെന്ന് കരുതുന്ന മലപ്പുറം ജില്ലയിലെ പാണ്ടിക്കാട് പ്രദേശം സംഘം സന്ദർശിച്ചു. എട്ടു പേരുടെ പരിശോധനാ ഫലം കൂടി നെഗറ്റീവായതായി ആരോഗ്യമന്ത്രി വീണാ ജോർജ് അറിയിച്ചു. ഇതുവരെ ആകെ 66 സാമ്പിളുകളാണ് നെഗറ്റീവായത്.

&&&&&&&&&&&&&&&&&&

## VAISHNAW-COMMUNITY RADIO

രാജ്യത്തെ അഞ്ഞൂറാമത്തെ കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷൻ കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് ഇന്ന് വീഡിയോ കോൺഫെറൻസിലൂടെ ഉദ്ഘാടനം ചെയ്തു. മിസോറാമിലെ ഐസ്വാളിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാസ്സ് കമ്മ്യൂണിക്കേഷനിലാണ് അപ്ന റേഡിയോ 90 പോയിൻറ് സീറോ എഫ് എം എന്ന് പേരിട്ടിരിക്കുന്ന റേഡിയോ സ്റ്റേഷൻ ആരംഭിച്ചത്. പത്താമത് ദേശീയ കമ്മ്യൂണിറ്റി പുരസ്കാരങ്ങളും ചടങ്ങിൽ കേന്ദ്രമന്ത്രി പ്രഖ്യാപിച്ചു. കേരളത്തിൽ നിന്നും റേഡിയോ ബൻസിഗർ, റേഡിയോ കൊച്ചി എന്നിവ പുരസ്കാരങ്ങൾക്ക് അർഹമായി

&&&&&&&&&&&&&&&&&&

## KAPUR–IFFI

ഗോവയിൽ നടക്കാനിരിക്കുന്ന 55-ാമത്തേയും 56-ാമത്തെയും ഇന്ത്യ അന്താരാഷ്ട്ര ചലചിത്രോത്സവത്തിൻറെ ഡയറക്ടറായി ചലചിത്ര സംവിധായകൻ ശേഖർ കപൂറിനെ നിയമിച്ചു. ഇതു സംബന്ധിച്ച ഉത്തരവ് വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയം പുറത്തിറക്കി. ഈ വർഷം നവംബർ 20 മുതൽ 28 വരെയാണ് 55-ാമത് ഇന്ത്യ അന്താരാഷ്ട്ര ചലചിത്ര മേള സംഘടിപ്പിച്ചിരിക്കുന്നത്.

&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&
&&&&&&&&&&&&
&&&&&&&&&&